പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## നാല്പത്തിയാറാമത് റിപ്പോർട്ട്

(2015 ഡിസംബർ 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2010-11)-യുടെ മുപ്പത്തിയേഴാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## നാല്പത്തിയാറാമത് റിപ്പോർട്ട്

[സമിതി (2010-11)-യുടെ മുപ്പത്തിയേഴാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

[സമിതി (2010-11)-യുടെ മുപ്പത്തിയേഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

42/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ | .. | 6 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വർക്കല കഹാർ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹീദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം നാൽപ്പത്തിയാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2010-11)-യുടെ മുപ്പത്തിയേഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2015 ഡിസംബർ 3-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

# റിപ്പോർട്ട്

കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ വസ്തുനികുതി നിർണ്ണയവും പിരിവും സംബന്ധിച്ച ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-2011)-യുടെ മുപ്പത്തിയേഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-2011)-യുടെ മുപ്പത്തിയേഴാമത് റിപ്പോർട്ട് 2011 ഫെബ്രുവരി മാസം 17-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 5 ശിപാർശകളാണ് ഉള്ളത്. ശിപാർശകളിൻമേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാർ നൽകിയ മറുപടി 30-9-2014-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയുണ്ടായി.

റിപ്പോർട്ടിലെ ഖണ്ഡിക 23, 25 എന്നിവയിലെ ശിപാർശകളിൻമേൽ ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അവ സംബന്ധിച്ച് സമിതി അധികവിവരം ആരാഞ്ഞിരുന്നു. ആയതിന് സർക്കാർ മറുപടി ലഭ്യമായിട്ടില്ല. റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ ലഭിച്ച മറുപടി, സമിതിയുടെ തുടർ ശിപാർശ എന്നിവ അദ്ധ്യായം I-ൽ ചേർത്തിരിക്കുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തരനടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും സർക്കാർ മറുപടികളും അദ്ധ്യായം II-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

അദ്ധ്യായം I

## സർക്കാർ മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി തുടർ ശിപാർശ നൽകിയ ഖണ്ഡികകൾ

### 23-ാം ഖണ്ഡികയിലെ ശിപാർശ

1.1.1 സംസ്ഥാനത്തെ കോർപ്പറേഷനുകളുടേയും മുനിസിപ്പാലിറ്റികളുടേയും തനത് വരുമാനത്തിന്റെ അറുപത് ശതമാനത്തോളം വസ്തുനികുതിയിൽ നിന്നുമാണ് ലഭിക്കുന്നത്. വസ്തുനികുതി ചുമത്തുന്നതിനും ഈടാക്കുന്നതിനും കേരള മുനിസിപ്പാലിറ്റി നിയമം മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് അധികാരം നൽകുന്നു. എന്നാൽ 2008-ൽ ഭേദഗതി ചെയ്യപ്പെട്ട മുനിസിപ്പാലിറ്റി നിയമത്തിന് നാളിതുവരെ ചട്ടങ്ങൾ രൂപീകരിക്കാത്തത് കാരണം മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഗണ്യമായ തുക വസ്തുനികുതി ഇനത്തിൽ നഷ്ടപ്പെടുന്നു എന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. വസ്തുനികുതി ഈടാക്കേണ്ട നടപടിക്രമം സംബന്ധിച്ച് സർക്കാർ ചട്ടങ്ങൾ ഉണ്ടാക്കണമെന്ന് കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 234 (4)-ാം വകുപ്പും ഓരോ നാല് വർഷത്തിലൊരിക്കൽ നികുതി പുതുക്കി തിട്ടപ്പെടുത്തണമെന്ന് 238-ാം വകുപ്പും അനുശാസിക്കുന്നുണ്ടെങ്കിലും ഇത് സംബന്ധിച്ച ചട്ടങ്ങൾ ഇതുവരെ രൂപീകരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ പ്രസ്തുത വകുപ്പുകൾ പ്രായോഗികമാക്കുവാൻ കഴിഞ്ഞിട്ടില്ല എന്നും സമിതി ചൂണ്ടിക്കാട്ടുന്നു. വസ്തുനികുതി കണക്കാക്കുന്നത് പ്ലിന്ത് ഏരിയായുടെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിയമഭേദഗതി കൊണ്ടുവന്ന ശേഷവും ഇത് സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കാതെ സർക്കുലർ ഇറക്കി നികുതി പിരിക്കുന്നത് ഒരിക്കലും ന്യായീകരിക്കുവാൻ കഴിയില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ വസ്തുനികുതിയുടെ ചുമത്തലും പിരിവും പുതുക്കലും സംബന്ധിച്ച ചട്ടങ്ങൾ മുനിസിപ്പൽ നിയമത്തിൽ നിർദ്ദേശിക്കുംപ്രകാരം അടിയന്തരമായി പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

1.1.2 സർക്കാർ വസ്തുനികുതി ചുമത്തുന്നതും ഈടാക്കുന്നതും സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളതാണ്. 2011 ജനുവരി 14-ാം തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 18/11/തസ്വഭവ. എന്ന വിജ്ഞാപനപ്രകാരം പുറപ്പെടുവിക്കുകയും 2011 ജനുവരി 14-ാം തീയതിയിലെ 80-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ SRO No. 35/11 നമ്പറായി പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. ആയതിന് 2013 മാർച്ച് 15-ാം തീയതിയിലെ സർക്കാർ ഉത്തരവ് (അ.) നമ്പർ 100/2013/തസ്വഭവ. പ്രകാരം ഭേദഗതി ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ളതുമാണ്. ടി ചട്ടങ്ങൾ പ്രകാരം നിലവിൽ കൊച്ചി നഗരസഭയിൽ പ്ലിന്ത് ഏരിയ അടിസ്ഥാനത്തിലാണ് കെട്ടിടനികുതി ചുമത്തുന്നതും ഈടാക്കുന്നതും. കെട്ടിടനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട നഗരസഭ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സ്വയം നികുതി നിശ്ചയിച്ച നൽകുന്നതിനുള്ള ഫോറങ്ങൾ നികുതിദായകർക്ക് നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതു സംബന്ധിച്ച് രജിസ്റ്ററുകൾ എഴുതി തയ്യാറാക്കിവരുന്നു.

<u>തുടർ ശിപാർശ</u>

1.1.3 **വസ്തുനികുതി ചുമത്തുന്നതും ഈടാക്കുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികൾ ത്വരിതപ്പെടുത്തി, സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>25-ാം ഖണ്ഡികയിലെ ശിപാർശ</u>

1.2.1 കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ അനധികൃത നിർമ്മാണം നടക്കുന്നുണ്ടെന്നും ഇതുമൂലം കോർപ്പറേഷന് വൻപിച്ച നികുതി നഷ്ടം ഉണ്ടാകുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഇത് പരിഹരിക്കുന്നതിന്, അനധികൃത നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിന് പതിവായി സർവ്വേ നടത്തണമെന്നും ക്രമീകരിക്കാവുന്ന നിർമ്മാണങ്ങൾക്കുമേൽ കോമ്പൗണ്ടിംഗ് ഫീ വസൂലാക്കി നികുതി ചുമത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ അനധികൃതനിർമ്മാണം തടയുന്നതിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

1.2.2 ബിൽഡിംഗ് ഇൻസ്പെക്ടർമാർ പരിശോധിച്ച് അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നമുറയ്ക്ക് ആയവയ്ക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു. അവധി ദിവസങ്ങളിൽ അനധികൃത നിർമ്മാണങ്ങൾ നടക്കുന്നുണ്ടോ എന്ന് റിപ്പോർട്ട് ചെയ്യുന്നതിന് ബിൽഡിംഗ് ഇൻസ്പെക്ടർമാരെയും ശിപായിമാരെയും നിയോഗിച്ച് അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തിയതിൽ നിയമവിധേയമായവ റെഗുലറൈസ് ചെയ്തിട്ടുള്ളതാണ്. അല്ലാത്തവയ്ക്കെതിരെ KMBR 99, KMA 94 പ്രകാരം നടപടി കൈക്കൊള്ളുന്നുണ്ട്. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം സ്ക്വാഡ് രൂപീകരിച്ചു. മേയറുടെ ചേമ്പറിൽ 16-8-2011-ൽ ചേർന്ന യോഗതീരുമാനപ്രകാരം നഗരസഭാ സെക്രട്ടറിയുടെ 19-8-2011-ലെ CER(1) 20125/00 നമ്പർ ഉത്തരവ് പ്രകാരമാണ് സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളത്. 19-8-2011-ൽ സ്ക്വാഡ് ആരംഭിച്ചു. ആകെ 224 കേസുകൾ റിപ്പോർട്ട് ചെയ്യുകയും ടി കേസുകളിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് നികുതി പിരിവ് നടത്തിവരുന്നതുമാണ്. സ്ക്വാഡ് 2013 ഫെബ്രുവരി വരെ പ്രവർത്തിച്ചിട്ടുണ്ട്.

<u>തുടർ ശിപാർശ</u>

1.2. **അനധികൃത നിർമ്മാണങ്ങൾ തടയുന്നതിന് രൂപീകരിക്കപ്പെട്ട സ്ക്വാഡ് നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്നും ഇല്ലെങ്കിൽ സ്ക്വാഡിന്റെ പ്രവർത്തനം അവസാനിപ്പിച്ചത് എന്തുകൊണ്ടാണെന്നുമുള്ള റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## അദ്ധ്യായം II

# സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തരനടപടി സ്വീകരിക്കേണ്ടതില്ല എന്നു തീരുമാനിച്ച ശിപാർശകളും അവയ്ക്കുള്ള മറുപടിയും

### 24-ാം ഖണ്ഡികയിലെ ശിപാർശ

2.1.1 നിർണ്ണയിച്ച വസ്തുനികുതിയോട് അതിന്റെ 25% കൂട്ടിവേണം വാടകയ്ക്കുള്ള കെട്ടിടങ്ങളുടെ നികുതി കണക്കാക്കാനുള്ളത് എന്നുണ്ടെങ്കിലും കൊച്ചി കോർപ്പറേഷൻ ഈ വ്യവസ്ഥ പാലിക്കുന്നില്ലെന്നും തൽഫലമായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ വരുമാനത്തിൽ കുറവുണ്ടായെന്നും സമിതി മനസ്സിലാക്കുന്നു. നിലവിൽ പിൻതുടർന്നുവരുന്ന രീതി കൊച്ചി കോർപ്പറേഷൻ അവസാനിപ്പിക്കണമെന്നും ചട്ടങ്ങൾക്കനുസൃതമായി നികുതി പിരിവ് നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2.1.2 15-3-2013-ലെ സ.ഉ. (അ.) നമ്പർ 100/2013/തസ്വഭവ. പ്രകാരം 1-4-2013 മുതൽ വാടകയ്ക്ക് നല്കിയിട്ടുള്ള കെട്ടിടങ്ങൾക്ക് കൂടുതൽ നികുതി ഈടാക്കിവരുന്നത് ഒഴിവാക്കിയിട്ടുണ്ട്. കൊച്ചി നഗരസഭയിൽ നികുതി പുനർനിർണ്ണയം നടത്തുന്നത് തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ്.

### 26-ാം ഖണ്ഡികയിലെ ശിപാർശ

2.2.1 സുതാര്യവും വസ്തുനിഷ്ഠവുമായ നടപടിക്രമം അനുസരിച്ചല്ലാതെ നികുതി നിർണ്ണയത്തിന് വിധേയരാകുന്നവരുടെ റിവിഷൻ ഹർജികളിന്മേലും അപ്പീലുകളിന്മേലും ഇളവ് അനുവദിക്കുന്നുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ക്രമാനുസൃതമായ രേഖകളെ ആധാരമാക്കി സുതാര്യവും വസ്തുനിഷ്ഠവുമായ രീതിയിൽ മാത്രമേ റിവിഷൻ ഹർജികളിന്മേലും അപ്പീലുകളിന്മേലും ഇളവ് അനുവദിക്കാവൂ എന്ന് സമിതി ശിപാർശ ചെയ്യുന്നു. കെട്ടിടങ്ങളുടെ വാർഷികമൂല്യം ന്യായമായി നിശ്ചയിക്കുന്നതിനുള്ള സർക്കാർ നിർദ്ദേശം പാലിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2.2.2 കേരള മുനിസിപ്പാലിറ്റി നിയമം അനുശാസിക്കുംവിധം സുതാര്യവും വസ്തുനിഷ്ഠവുമായ നടപടിക്രമം പാലിച്ചാണ് റിവിഷൻ/അപ്പീൽ പരിഗണിച്ചുവന്നത്. നിലവിൽ രൂപീകരിച്ചിട്ടുള്ള ചട്ടങ്ങൾ പ്രകാരം റിവിഷൻ അപേക്ഷകൾ പരിഗണനാർഹമല്ല.

സമിതിയുടെ ശിപാർശ നടപ്പിൽവരുത്താൻ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും 23-11-2013-ൽ എഫ്3/13287/13-ാം നമ്പർ ഇ-മെയിൽ സന്ദേശത്തിലൂടെ നഗരകാര്യ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

27-ാം ഖണ്ഡികയിലെ ശിപാർശ

2.3.1 വസ്തുനികുതി പിരിവിന് നൽകുന്ന അസ്സൽ രസീതുകൾ പരിശോധിക്കണമെന്നുള്ള മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങളുടെ വ്യവസ്ഥ പാലിക്കുന്നതിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ വീഴ്ചവരുത്തുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് സമയബന്ധിതമായി തയ്യാറാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ഡബിൾ എൻട്രി സിസ്റ്റം സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അടിയന്തരമായി നടപ്പാക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2.3.2 വസ്തുനികുതി പിരിവും ആയതിന്റെ രസീതുകളുടെ പരിശോധനയും സൂക്ഷിപ്പും സംബന്ധിച്ച വിഷയത്തിലെ ശിപാർശ ഗൗരവപൂർവ്വം സ്വീകരിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ രസീതുകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടെന്നും ബോധിപ്പിക്കുന്നു.

വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഐ.കെ.എം. വികസിപ്പിച്ചെടുത്ത "സാംഖ്യ" ഡബിൾ എൻട്രി സോഫ്റ്റ്‌വെയർ എല്ലാ നഗരസഭകളിലും 2011 ഏപ്രിൽ 1-ാം തീയതി മുതൽ നടപ്പിലാക്കണമെന്ന് 25-3-2011-ലെ G.O. (Ms.) No. 81/2011/LSGD പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊച്ചി നഗരസഭയിൽ 2012 ഒക്ടോബർ 1-ാം തീയതി മുതൽ വരവ് ചെലവ് കണക്കുകൾ പൂർണ്ണമായി സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരം നിർവ്വഹിച്ചുവരുന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

## അനുബന്ധം

# പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 1.1.3 | തദ്ദേശ സ്വയംഭരണം (കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ) | വസ്തുനികുതി ചുമത്തുന്നതും ഈടാക്കുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികൾ ത്വരിതപ്പെടുത്തി, സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 1.2.3 | ,, | അനധികൃത നിർമ്മാണങ്ങൾ തടയുന്നതിന് രൂപീകരിക്കപ്പെട്ട സ്ക്വാഡ് നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്നും ഇല്ലെങ്കിൽ സ്ക്വാഡിന്റെ പ്രവർത്തനം അവസാനിപ്പിച്ചത് എന്തുകൊണ്ടാണെന്നുമുള്ള റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.